# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 6016.

10..7..2012-ൽ മറുപടിക്ക്

## പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജുഎബ്രഹാം | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പാലിന്റെ ഗുണമേന്മ ജില്ലാതല ലാബുകളിൽ പരിശോധിച്ചുറപ്പു വരുത്തുന്നു. കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ പാലിന്റെ ഗുണമേന്മ പരിശോധിക്കുകയും, ക്ഷീരകർഷകർക്കായി Farmers Contact Programme, Quality Awareness Programme, Consumer Interface Programme, എന്നിവയും നടത്തി വരുന്നു. കൂടാതെ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡയറി ലാബിൽ പാൽപരിശോധനയ്ക്കുള്ള വിപുലമായ സജ്ജീകരണങ്ങളുണ്ട്. |
| (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | (ബി) ഓണക്കാലങ്ങളിൽ അന്യസംസ്ഥാനത്തു നിന്നും എത്തിച്ചേരുന്ന പാൽ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയിരുന്നു. എന്നാൽ 2011 ആഗസ്റ്റ് 5 മുതൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്ന സാഹചര്യത്തിൽ പാൽഗുണനിലവാര പരിശോധന സംബന്ധിച്ച നടപടികൾ ക്ഷീരവികസന വകുപ്പിൽ നിന്നും ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാൽ ഗുണനിലവാര പരിശോധന നടത്താൻ ക്ഷീരവികസന വകുപ്പിന് അധികാരമില്ല. |
| (സി) ഇത്തരം പാലിൽ മാരകമായ വിഷാംശങ്ങൾ ഉണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര കേസ്സുകൾ നിലവിലുണ്ട്; | (സി) വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2011 ആഗസ്റ്റ് 5 മുതൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്ന സാഹചര്യത്തിൽ പാൽഗുണ നിലവാര |

| | |
|---|---|
| | പരിശോധന സംബന്ധിച്ച നടപടികൾ ക്ഷീരവികസന വകുപ്പിൽ നിന്നും ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാൽ ഗുണനിലവാര പരിശോധന നടത്താൻ ക്ഷീരവികസന വകുപ്പിന് അധികാരമില്ല. പരിശോധനയ്ക്കുള്ള അധികാരം ക്ഷീരവികസന വകുപ്പിൽ നിലനിർത്തണമെന്ന ആവശ്യം മുന്നോട്ട് വെച്ചിട്ടുണ്ട്. |
| (ഡി) ഏതെല്ലാം രാസ-കീടനാശിനികളുടെ അംശങ്ങളാണ് പാലിന്റെ പരിശോധനയിൽ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) രാസ-കീടനാശിനികളുടെ അംശം പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.